## മധുരമായ കുട്ടികളേ - നിങ്ങൾ പരസ്പരം ആത്മീയ സഹോദരങ്ങളാണ്, നിങ്ങൾക്ക് പരസ്പരം അതിയായ സ്നേഹമുണ്ടാകണം, നിങ്ങൾ സ്നേഹത്താൽ നിറഞ്ഞ ഗംഗയായി മാറണം, ഒരിക്കലും പിണങ്ങരുത് വഴക്കുണ്ടാക്കരുത്

**ചോദ്യം:-** ആത്മീയ പിതാവിന് ഏത് കുട്ടികളോടാണ് വളരെ വളരെ സ്നേഹം തോന്നുന്നത്?
**ഉത്തരം:-** 1. ആരാണോ ശ്രീമതത്തിലൂടെ മുഴുവൻ വിശ്വത്തിന്റേയും നന്മ ചെയ്തുകൊണ്ടിരിക്കുന്നത്, 2. ആരാണോ പൂക്കളായി മാറുന്നത്, ഒരിക്കലും ആരേയും മുള്ളായി മുറിവേൽപ്പിക്കാത്തത്, പരസ്പരം വളരെ സ്നേഹത്തോടെയിരിക്കുന്നത്, ഒരിക്കലും ആരോടും പിണങ്ങാത്തത് - ഇങ്ങനെയുള്ള കുട്ടികളോടാണ് ബാബക്ക് വളരെ വളരെ സ്നേഹം തോന്നുന്നത്. ആരാണോ ദേഹാഭിമാനത്തിലേക്ക് വന്ന് പരസ്പരം പിണങ്ങുന്നത്, ഉപ്പുവെള്ളമാകുന്നത്, അവർ ബാബയുടെ അന്തസ്സ് കളയുന്നു. അവർ ബാബയുടെ നിന്ദ ചെയ്യുന്ന നിന്ദകരായി മാറുന്നു.

**ഓം ശാന്തി**. എങ്ങനെയാണോ ആത്മീയ കുട്ടികൾക്ക് ഇപ്പോൾ ആത്മീയ അച്ഛനോട് സ്നേഹം തോന്നുന്നത്, അതുപോലെ ആത്മീയ അച്ഛനും ആത്മീയ കുട്ടികളോട് സ്നേഹം തോന്നുകയാണ്. കാരണം ശ്രീമതത്തിലൂടെ മുഴുവൻ വിശ്വത്തിന്റേയും നന്മ ചെയ്തുകൊണ്ടിരിക്കുകയാണ്, നന്മ ചെയ്യുന്നവരെ എല്ലാവരും സ്നേഹിക്കും. നിങ്ങളും പരസ്പരം ആത്മീയ സഹോദരങ്ങളാണ്. നിങ്ങൾ തീർച്ചയായും പരസ്പരം സ്നേഹിക്കണം. പുറമേയുള്ളവർക്ക് ഇത്രയും സ്നേഹം ഉണ്ടായിരിക്കില്ല, ബാബയുടെ കുട്ടികൾക്ക് എത്രയുണ്ടോ അത്രയും. നിങ്ങൾക്കും പരസ്പരം വളരെ വളരെ സ്നേഹം വേണം. അഥവാ സഹോദരങ്ങളായിട്ട് ഇവിടെ പരസ്പരം പിണങ്ങുകയാണെങ്കിൽ സ്നേഹിക്കുന്നില്ലായെങ്കിൽ സഹോദരനായി മാറിയിട്ടില്ല. നിങ്ങൾക്ക് പരസ്പരം സ്നേഹം വേണം. ബാബക്കും ആത്മാക്കളോട് സ്നേഹമല്ലേ. ആത്മാക്കൾക്കും പരസ്പരം സ്നേഹമുണ്ടായിരിക്കണം. സത്യയുഗത്തിൽ എല്ലാ ആത്മാക്കളും പരസ്പരം സ്നേഹിക്കുന്നു. കാരണം ദേഹാഭിമാനമില്ല. നിങ്ങൾ സഹോദരങ്ങൾ ഒരു ബാബയുടെ ഓർമ്മയിൽ മുഴുവൻ വിശ്വത്തിന്റേയും നന്മ ചെയ്യുന്നവരാണ്, തന്റേയും നന്മ ചെയ്യുന്നു സഹോദരങ്ങളുടേയും നന്മ ചെയ്യണം അതിനുവേണ്ടി ബാബ ദേഹാഭിമാനത്തിൽനിന്നും ദേഹീ അഭിമാനിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ലൗകിക സഹോദരങ്ങൾ പരസ്പരം ധനത്തിനുവേണ്ടി സമ്പത്തിനുവേണ്ടി പിണങ്ങുന്നു. ഇവിടെ പിണങ്ങുകയോ വഴക്കുണ്ടാക്കുകയോ ചെയ്യേണ്ട കാര്യമില്ല, ഓരോരുത്തർക്കും ഡയറക്ട് കണക്ഷൻ വെക്കേണ്ടതുണ്ട്. ഇത് പരിധിയില്ലാത്ത കാര്യമാണ്. യോഗബലത്തിലൂടെ ബാബയിൽ നിന്നും സമ്പത്ത് നേടണം. ലൗകിക പിതാവിൽ നിന്നും സ്ഥൂലമായ സമ്പത്താണ് നേടുന്നത്, ആത്മീയ പിതാവിൽ നിന്നും ആത്മീയ കുട്ടികൾക്ക് ആത്മീയ സമ്പത്താണ് ലഭിക്കുന്നത്. ഓരോരുത്തരും ബാബയിൽ നിന്നും നേരിട്ട് സമ്പത്ത് നേടണം. എത്രത്തോളം സ്വയം ബാബയെ ഓർമ്മിക്കുന്നു അത്രയും സമ്പത്ത് ലഭിക്കും. ബാബ നോക്കും പരസ്പരം പിണങ്ങുകയാണെങ്കിൽ ബാബ പറയും നിങ്ങളെന്താ അനാഥരാണോ? ആത്മീയ സഹോദരങ്ങൾ പിണങ്ങരുത്. അഥവാ ആത്മീയ സഹോദരങ്ങളായിട്ടും പരസ്പരം പിണങ്ങുകയാണെങ്കിൽ, സ്നേഹമില്ലെങ്കിൽ രാവണന്റേതായി മാറിയതുപോലെയാണ്. അങ്ങനെയുള്ളവരെല്ലാം ആസുരീയ സന്താനങ്ങളെ പോലെയാണ്. അങ്ങനെയെങ്കിൽ ദൈവീകസന്താനവും ആസുരീയസന്താനവും തമ്മിൽ വ്യത്യാസമില്ല. കാരണം ദേഹാഭിമാനത്തിലേക്ക് വന്ന് പിണങ്ങുകയാണ്. ആത്മാവ് ആത്മാവിനോട് പിണങ്ങാറില്ല. അതുകൊണ്ട് ബാബ പറയുകയാണ് മധുരമധുരമായ കുട്ടികളേ, പരസ്പരം ഉപ്പുവെള്ളമാകരുത്. അങ്ങനെ ആകുമ്പോഴാണ് മനസ്സിലാക്കിത്തരേണ്ടിവരുന്നത്. പിന്നീട് ബാബ പറയും ഇവർ ദേഹാഭിമാനത്തിലുള്ള കുട്ടികളാണ്, രാവണന്റെ കുട്ടികളാണ്, എന്റെയല്ല കാരണം പരസ്പരം ഉപ്പുവെള്ളമാണ്. നിങ്ങൾ 21 ജന്മത്തിലേക്ക് പാലുപോലെയുള്ളവരായിരുന്നു. ഈ സമയം ദേഹീ അഭിമാനിയായിരിക്കണം. അഥവാ പരസ്പരം മാറുന്നില്ലായെങ്കിൽ ആ സമയം അവർ രാവണസമ്പ്രദായത്തിലുള്ളവരാണെന്ന് മനസ്സിലാക്കണം. പരസ്പരം ഉപ്പുവെള്ളമാകുന്നതിലൂടെ ബാബയുടെ അന്തസ്സ് കളയുന്നു. ഈശ്വരീയ സന്താനമാണെന്ന് പറയും. പക്ഷേ ആസുരീയ ഗുണങ്ങളാണുള്ളത്, ദേഹാഭിമാനത്തിലുള്ളവരേപോലേ. ദേഹീഅഭിമാനിയാകുന്നവരിൽ ഈശ്വരീയഗുണങ്ങളുണ്ടായിരിക്കും. ഇവിടെ നിങ്ങൾ ഈശ്വരീയഗുണങ്ങൾ ധാരണ ചെയ്യുമ്പോഴേ ബാബ കൂടെ കോണ്ടുപോകുകയുള്ളു, പിന്നീട് അതേ സംസ്കാരം കൂടെ കൊണ്ടുപോകും. ബാബക്ക് അറിയാൻ കഴിയും കുട്ടികൾ ദേഹാഭിമാനത്തിലേക്ക് വന്ന് ഉപ്പുവെള്ളമാകുന്നുണ്ടോ. അവരെ ഈശ്വരീയ സന്താനങ്ങളാണെന്ന് പറയാൻ സാധിക്കില്ല. എത്രത്തോളം സ്വയത്തിന് നഷ്ടമുണ്ടാക്കുന്നു. മായക്ക് വശപ്പെട്ടുപോകുന്നു. പരസ്പരം ഉപ്പുവെള്ളം അതായത് അഭിപ്രായവ്യത്യാസത്തിലേക്ക് വരുന്നു. മുഴുവൻ

ലോകം തന്നെ ഉപ്പുവെള്ളമാണ്. ഈശ്വരീയസന്താനങ്ങളായിട്ടും നിങ്ങളും ഉപ്പുവെള്ളമായി മാറിയാൽ പിന്നെന്തു വ്യത്യാസമാണുള്ളത്? അത് ബാബയെ നിന്ദക്കുകയാണ്. ബാബയെ നിന്ദിക്കുന്നവർ ഉപ്പുവെള്ളം പോലെയുള്ളവർ ഗതി പ്രാപിക്കില്ല. അവരെ നാസ്തികനെന്നാണ് പറയുക. ആസ്തികനാകുന്ന കുട്ടികൾ ഒരിക്കലും പിണങ്ങില്ല. നിങ്ങൾ പരസ്പരം പിണങ്ങരുത്. പ്രേമത്തോടെയിരിക്കാൻ ഇവിടെ പഠിക്കണം, പിന്നീട് 21 ജന്മത്തേക്ക് പ്രേമത്തോടെ ജീവിക്കാം. ബാബയുടെ കുട്ടികളെന്ന് പറഞ്ഞ് സഹോദരങ്ങളായി മാറുന്നില്ലായെങ്കിൽ അവർ ആസുരീയ സന്താനങ്ങൾ തന്നെയാണ്. ബാബാ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നതിനു വേണ്ടിയാണ് മുരളി പറയുന്നത്. എന്നാൽ ദേഹാഭിമാനം കാരണം അവർക്ക് അറിയാൻ കഴിയുന്നില്ല ബാബ ഞങ്ങൾക്കുവേണ്ടിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. മായ പ്രബലനാണ്. എങ്ങിനെയാണോ എലി കടിച്ചുമുറിക്കുന്നത്, അറിയാൻ കഴിയില്ല. മായയും വളരെ മധുരമധുരമായി ബോധം മറപ്പിച്ച് മുറിക്കും. അറിയാൻ പോലും കഴിയില്ല. പരസ്പരം പിണങ്ങുന്നതെല്ലാം ആസുരീയസമ്പ്രദായമുള്ളവരുടെ ജോലിയാണ്. വളരെയധികം സെന്ററുകളിലും ഉപ്പുവെള്ളത്തിന്റെ സ്വഭാവത്തോടെയിരിക്കുന്നവരുണ്ട്. ഇപ്പോൾ വരേക്കും ആരും പരിപൂർണ്ണരായി മാറിയിട്ടില്ല, മായ യുദ്ധം ചെയ്തുകൊണ്ടേയിരിക്കുന്നുണ്ട്. മായ മുഖം തിരിപ്പിച്ചുകളയും അറിയാൻ പോലും കഴിയില്ല. തന്റെ ഹൃദയത്തോട് ചോദിക്കണം നമുക്ക് പരസ്പരം പ്രേമമുണ്ടോ അതോ ഇല്ലയോ? പ്രേമത്തിന്റെ സാഗരന്റെ കുട്ടികൾ പ്രേമത്താൽ നിറഞ്ഞ ഗംഗയായി മാറണം. പിണങ്ങുക, വഴക്കുണ്ടാക്കുക, തലതിരിഞ്ഞ ശബ്ദം പറയുക, ഇതിനേക്കാളെല്ലാം നല്ലത് ഒന്നും സംസാരിക്കുന്നതാണ്. മോശമായത് കേൾക്കരുത്... അഥവാ ആരിലെങ്കിലും ക്രോധത്തിന്റെ അംശമുണ്ടെങ്കിൽ അവർക്ക് സ്നേഹമുണ്ടായിരിക്കില്ല. അതുകൊണ്ട് ബാബ പറയുകയാണ് ദിവസവും തന്റെ കണക്ക് പരിശോധിക്കൂ, ആസുരീയ പെരുമാറ്റം പരിവർത്തനപ്പെടുന്നില്ലായെങ്കിൽ അവർക്ക് എന്തു ഭാവിയാണുണ്ടാകുക? എന്തു പദവി നേടും? ബാബ മനസ്സിലാക്കിത്തരികയാണ് സർവ്വീസ് ഒന്നും ചെയ്യുന്നില്ലായെങ്കിൽ അവരുടെ അവസ്ഥ എന്താകും? പദവി കുറയും. എല്ലാവർക്കും സാക്ഷാത്കാരം ഉണ്ടാകും. നിങ്ങൾക്കും തന്റെ പഠിപ്പിന്റെ സാക്ഷാത്കാരം ഉണ്ടാകും. സാക്ഷാത്കാരം ഉണ്ടായതിനുശേഷമാണ് നിങ്ങൾ ട്രാൻസ്ഫർ ആവുക, ട്രാൻസ്ഫർ ആയി നിങ്ങൾ പുതിയ ലോകത്തിലേക്ക് വരും. അവസാനം എല്ലാം സാക്ഷാത്കാരത്തിലൂടെ തെളിയും. ആര് എത്ര മാർക്കോടുകൂടെ പാസ്സായി? പിന്നെ കരയും, നിലവിളിക്കും, ശിക്ഷകളും അനുഭവിക്കും, പശ്ചാത്തപിക്കും – ബാബ പറഞ്ഞത് അംഗീകരിച്ചില്ല. ബാബ വീണ്ടും വീണ്ടും മനസ്സിലാക്കിത്തരികയാണ് ആസുരീയഗുണങ്ങളൊന്നും ഉണ്ടാകരുത്. ആരിൽ ദൈവീകഗുണങ്ങളുണ്ടോ അവർ മറ്റുള്ളവരെ തനിക്കുസമാനമാക്കി മാറ്റണം. ബാബയെ ഓർമ്മിക്കുക വളരെ സഹജമാണ് – അല്ലാഹു ആസ്തി. അല്ലാഹു അർത്ഥം ബാബ, ആസ്തി അർത്ഥം ചക്രവർത്തി പദവി അഥവാ സമ്പത്ത്. കുട്ടികൾക്ക് ലഹരിയുണ്ടായിരിക്കണം അഥവാ പരസ്പരം ഉപ്പുവെള്ളമാണെങ്കിൽ ഈശ്വരീയ സമ്പ്രദായത്തിലുള്ളവരാണെന്ന് എങ്ങനെ മനസ്സിലാക്കും. ബാബ മനസ്സിലാക്കും ഇവർ ആസുരീയ സമ്പ്രദായത്തിലുള്ളവരാണ്. മായ ഇവരുടെ മൂക്കു പിടിച്ചു. അവർക്കുപോലും അറിയാൻ കഴിയുന്നില്ല, മുഴുവൻ അവസ്ഥയും ചഞ്ചലമാണ്, പദവിയും കുറഞ്ഞു. നിങ്ങൾ കുട്ടികൾ അങ്ങനെയുള്ളവർക്ക് പ്രേമത്തോടെ പഠിപ്പിച്ചുകൊടുക്കാൻ പരിശ്രമിക്കണം. പ്രേമത്തിന്റെ ദൃഷ്ടിയുണ്ടായിരിക്കണം. ബാബ പ്രേമത്തിന്റെ സാഗരനാണ് കുട്ടികളേയും ആകർഷിക്കുകയല്ലേ. നിങ്ങൾക്കും പ്രേമത്തിന്റെ സാഗരമായി മാറണം.

ബാബ കുട്ടികൾക്ക് വളരെ സ്നേഹത്തോടെ മനസ്സിലാക്കിത്തരികയാണ്, നല്ല മതം നൽകുന്നു. ഈശ്വരീയമതം ലഭിക്കുന്നതിലൂടെ നിങ്ങൾ പൂക്കളായി മാറുന്നു. എല്ലാ ഗുണങ്ങളും നിങ്ങൾക്ക് നൽകുകയാണ്. ദേവതകളിൽ സ്നേഹമല്ലേ ഉള്ളത്. ആ അവസ്ഥ ഇവിടെ നിങ്ങൾ സമ്പാദിക്കണം. ഈ സമയം നിങ്ങൾക്ക് നോളേജുണ്ട് പിന്നീട് ദേവതയായി മാറിക്കഴിഞ്ഞാൽ ഈ നോളേജ് ഉണ്ടായിരിക്കില്ല. അവിടെ ദൈവീകസ്നേഹം ഉണ്ടായിരിക്കും. കുട്ടികൾക്ക് ഇപ്പോൾ ദൈവീകഗുണങ്ങളെ ധാരണ ചെയ്യണം. ഇപ്പോൾ നിങ്ങൾ പൂജ്യരായി മാറുന്നതിനുവേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സംഗമയുഗത്തിലാണ്. ബാബ വരുന്നത് ഭാരതത്തിലേക്കാണ്, ശിവജയന്തിയും ആഘോഷിക്കുന്നുണ്ട്. പക്ഷേ ബാബ ആരാണ്, എങ്ങനെയാണ് എപ്പോഴാണ് വരുന്നത്, എന്താണ് ചെയ്യുന്നത്? ഇതൊന്നും അറിയുന്നില്ല. നിങ്ങൾ കുട്ടികൾ ഇപ്പോൾ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കി, ആര് മനസ്സിലാക്കിയിട്ടില്ലയോ അവർക്ക് ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. പദവിയും കുറയും. സ്കൂളിൽ പഠിക്കുന്നവരിൽ ചിലരുടെ പെരുമാറ്റം മോശമായിരിക്കും. ചിലരുടേത് വളരെ നല്ലതായിരിക്കും, ചിലർ പ്രസന്റായിരിക്കും, ചിലർ ആബ്സന്റായിരിക്കും. ഇവിടെ പ്രസന്റായിരിക്കുന്നത് അവരാണ് സദാ ബാബയെ ഓർമ്മിക്കുന്നവർ. സ്വദർശനചക്രം കറക്കിക്കൊണ്ടേയിരിക്കും. ബാബ പറയുകയാണ് എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും സ്വദർശനചക്രധാരിയാണെന്ന് മനസ്സിലാക്കൂ. മറക്കുകയാണെങ്കിൽ

ആബ്സന്റാണ്, പ്രസന്റാണെങ്കിൽ ഉയർന്ന പദവി നേടാം, മറന്നുപോയാൽ പദവി കുറയും. ബാബക്കറിയാം ഇപ്പോഴും സമയമുണ്ട്. ഉയർന്ന പദവി നേടുന്നവരുടെ ബുദ്ധിയിൽ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും. പറയാറുണ്ട് ശിവബാബയുടെ ഓർമ്മയും, വായിൽ ജ്ഞാനാമൃതവും ഉണ്ടാകുമ്പോഴാണ് പ്രാണൻ ശരീരത്തിൽനിന്നും പോകേണ്ടത്. അഥവാ ഏതെങ്കിലും വസ്തുക്കളോട് പ്രീതിയുണ്ടെങ്കിൽ അന്തിമസമയത്ത് അതിന്റെ ഓർമ്മ വന്നുകൊണ്ടിരിക്കും. ആഹാരം കഴിക്കാനുള്ള അത്യാഗ്രഹമാണുള്ളതെങ്കിൽ മരിക്കുന്ന സമയത്ത് ആ വസ്തുവിന്റെ ഓർമ്മ വന്നുകൊണ്ടിരിക്കും, ഈ ഭക്ഷണം കഴിക്കണം. പിന്നീട് പദവി നഷ്ടപ്പെടും. ബാബ പറയുകയാണ് സ്വദർശനചക്രധാരിയായി മരിക്കൂ. വേറെയൊന്നും ഓർമ്മ വരരുത്. എങ്ങിനെയാണോ ഒരു സംബന്ധവും ഇല്ലാതെ ആത്മാവ് വന്നത്, അതേപോലെ പോകണം. അത്യാഗ്രഹവും നിസ്സാരമല്ല. അത്യാഗ്രഹമുണ്ടെങ്കിൽ അന്തിമസമയത്ത് അതിന്റെ തന്നെ ഓർമ്മ വന്നുകൊണ്ടിരിക്കും. ലഭിച്ചില്ലായെങ്കിൽ ആ ആശയിൽ മരിക്കും. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് അത്യാഗ്രഹം പാടില്ല. ബാബ മനസ്സിലാക്കിത്തരികയാണ് വളരെയധികം പക്ഷേ മനസ്സിലാക്കുന്നവരിൽ ചിലരേ മനസ്സിലാക്കുന്നുള്ളു. ബാബയുടെ ഓർമ്മ ഹൃദയത്തിൽ പൂർണ്ണമായും ചേർത്ത് വെക്കു- ബാബ, ആഹാ ബാബ. ബാബ ബാബയെന്ന് വായിലൂടെ പറയേണ്ടതില്ല. നിരന്തര സ്മൃതി ഉണ്ടായിരിക്കണം ബാബയുടെ ഓർമ്മയിൽ, കർമ്മാതീതാവസ്ഥയിൽ ഈ ശരീരം ഉപേക്ഷിക്കുമ്പോൾ ഉയർന്ന പദവി ലഭിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണക്കുള്ള മുഖ്യ സാരം:-

1) പ്രേമത്താൽ നിറഞ്ഞ ഗംഗയായി മാറണം. എല്ലാവരെപ്രതിയും പ്രേമത്തിന്റെ ദൃഷ്ടി വെക്കണം. ഒരിക്കലും വായിൽനിന്ന് തലതിരിഞ്ഞ വാക്കുകൾ പറയരുത്.

2) വസ്തുക്കളോടൊന്നും തന്നെ അത്യാഗ്രഹം വെക്കരുത്. സ്വദർശനചക്രധാരിയായി മാറണം. അന്തിമസമയത്ത് വേറെ ഒന്നിന്റേയും ഓർമ്മ വരാതിരിക്കാൻ അഭ്യാസം ചെയ്യണം.

## വരദാനം:- പഴയ ദേഹം അഥവാ പഴയ ലോകത്തിന്റെ സർവ്വ ആകർഷണങ്ങളിൽ നിന്നും സഹജമായും സദാസമയവും ദൂരെ കഴിയുന്ന രാജഋഷിയായി ഭവിക്കൂ

രാജഋഷി അർത്ഥം ഒരു വശത്ത് സർവ്വ പ്രാപ്തിയുടെ അധികാരത്തിന്റെ ലഹരിയും മറുവശത്ത് പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ അലൗകിക ലഹരി. വർത്തമാന സമയം ഈ രണ്ട് അഭ്യാസത്തെയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കൂ. വൈരാഗ്യമെന്നാൽ മാറിനിൽക്കലല്ല എന്നാൽ സർവ്വ പ്രാപ്തി ഉണ്ടായിട്ടും പരിധിയുള്ള ആകർഷണം മനസ്സിനെയും ബുദ്ധിയെയും ആകർഷണത്തിലേക്ക് കൊണ്ടുവരരുത്. സങ്കൽപമാത്രയിൽ പോലും അധീനത ഉണ്ടായിരിക്കരുത് ഇതിനെയാണ് പറയുന്നത് രാജഋഷി അർത്ഥം പരിധിയില്ലാത്ത വൈരാഗി. ഈ പഴയ ദേഹം അല്ലെങ്കിൽ ദേഹത്തിന്റെ പഴയ ലോകം, വ്യക്ത ഭാവം, വൈഭവങ്ങളുടെ ഭാവം ഈ എല്ലാ ആകർഷണങ്ങളിൽ നിന്നും സദാസമയവും ദൂരെ കഴിയുന്നവർ.

## സ്ലോഗൻ:- സയൻസിന്റെ സാധനങ്ങളെ ഉപയോഗിക്കൂ എന്നാൽ തന്റെ ജീവിതത്തിന്റെ ആധാരമാക്കരുത്.

### മാതേശ്വരിയുടെ മധുരമായ മഹാവാക്യം

നോക്കൂ, മനുഷ്യർ പറയാറുണ്ട് കൗരവരും പാണ്ഢവരും തമ്മിൽ കുരുക്ഷേത്രത്തിൽ യുദ്ധം ചെയ്തു. കാണിക്കുന്നുണ്ട് പാണ്ഢവരുടെ കൂടെ നിർദ്ദേശം നൽകുന്നതിനായി ശ്രീകൃഷ്ണനുണ്ടായിരുന്നു. ഏതു ഭാഗത്താണോ സ്വയം പ്രകൃതിപതിയുള്ളത് അവർക്ക് വിജയം തീർച്ചയാണ്. നോക്കൂ, എല്ലാ കാര്യങ്ങളും ഒന്നാക്കി, ഇപ്പോൾ ആദ്യം ഈ കാര്യം മനസ്സിലാക്കൂ പ്രകൃതിപതി കൃഷ്ണനല്ല. പ്രകൃതിപതി പരമാത്മാവാണ്, കൃഷ്ണൻ സത്യയുഗത്തിലെ ആദ്യദേവതയാണ്, കൃഷ്ണനെ എങ്ങനെ ഭഗവാനെന്ന് പറയാൻ സാധിക്കും. പാണ്ഢവരുടെ സാരഥി പരമാത്മാവായിരുന്നു ശ്രീകൃഷ്ണനല്ല. ഇപ്പോൾ പരമാത്മ നിങ്ങൾ കുട്ടികൾക്ക്

ഒരിക്കലും ഹിംസയല്ല പഠിപ്പിച്ചുതരുന്നത്, പാണ്ഢവർ ഹിംസായുദ്ധം ചെയ്തല്ല സ്വരാജ്യം നേടിയത്. ഈ ലോകം കർമ്മക്ഷേത്രമാണ്. ഇവിടെ മനുഷ്യൻ എങ്ങിനെയുള്ള കർമ്മം ചെയ്ത് ബീജം വിതക്കുന്നുവോ അതിനനുസരിച്ചിട്ടുള്ള നല്ലതോ മോശമോ ആയ ഫലം അനുഭവിക്കുന്നു. ഈ കർമ്മക്ഷേത്രത്തിൽ പാണ്ഢവർ ഭാരത് മാതാ ശക്തിഅവതാരവും ഇവിടെയുണ്ട്. പരമാത്മാ വരുന്നത് ഭാരതഖണ്ഢത്തിലാണ്. അതുകൊണ്ട് ഭാരതഖണ്ഢത്തെ അവിനാശിയെന്ന് പറയുന്നു. പരമാത്മാ അവതരണം വിശേഷിച്ചും ഭാരതഖണ്ഢത്തിലായിരുന്നു. കാരണം അധർമ്മത്തിന്റെ വൃദ്ധിയും ഭാരതഖണ്ഢത്തിൽനിന്നാണ് ഉണ്ടാകുന്നത്. അവിടെയാണ് പരമാത്മാ യോഗബലത്തിലൂടെ കൗരവരാജ്യത്തെ ഇല്ലാതാക്കി പാണ്ഢവരാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നത്. പരമാത്മാ വന്ന് ധർമ്മത്തിന്റെ രാജ്യം സ്ഥാപന ചെയ്തു പക്ഷേ ഭാരതവാസികൾ തന്റെ പവിത്രമായ ധർമ്മത്തെയും ശ്രേഷ്ഠമായ കർമ്മത്തേയും മറന്ന് സ്വയം ഹിന്ദുവാണെന്ന് പറഞ്ഞു. സാധുക്കൾ തന്റെ ധർമ്മത്തെ അറിയാതെ മറ്റു ധർമ്മങ്ങളിലേക്ക് ചേർന്നു. തനിക്കുതന്നെ ദേവതകളുടെ പേരുവച്ചു രാധാ സ്വാമി, ആര്യസമാജം, ബ്രഹ്മസമാജം, ചിദാകാശി, മഠങ്ങളും സംഗങ്ങളും ഉണ്ടായി. അർത്ഥം അറിയാതെ കേവലം പേരുകൾ മാത്രം വച്ചു. തന്നെ രാധാസ്വാമിയെന്ന് പറയും പക്ഷേ രാധ അവരുടെ കൂടെയില്ല. നമുക്കറിയാം രാധയുടെ സ്വാമി അതായത് പ്രകൃതീപതി പരമാത്മാവാണ്, മനുഷ്യാത്മാവല്ല. അവരുടേത് മിഥ്യാജ്ഞാനമാണ്, സ്വയത്തെ ആര്യനെന്ന് പറയുന്നു, ആര്യനെന്ന് പറയുന്നത് പവിത്രതയെയാണ്. വളരെ പവിത്രതയുള്ളവർ ദേവീദേവതകളാണ്, ഇവരെപ്പോലെ പവിത്രത ഈ കലിയുഗത്തിൽ ആർക്കും ഇല്ല. ഇപ്പോൾ സ്വച്ഛമായ പെരുമാറ്റം ആർക്കുമില്ല. കേവലം ടൈറ്റിലുകൾ മാത്രം വെക്കുന്നു, ഇത് ഭംഗിയല്ല. പറയുന്നു ബ്രഹ്മസമാജമെന്ന്. ബ്രഹ്മം അഖണ്ഢജ്യോതിതത്വമാണ്. അവിടെ നിരാകാരി ആത്മാക്കളാണ് വസിക്കുന്നത്. ആത്മാക്കളുടെ സമാജത്തെ ബ്രഹ്മസമാജമെന്ന് പറയും. ഇത് സാകാരലോകമാണ്. ഇതിനെ എങ്ങനെ ബ്രഹ്മസമാജമെന്ന് പറയും. ചിദാകാശിയിൽ (ബ്രഹ്മലോകം) വസിക്കുന്നത് മനുഷ്യ ആത്മാക്കളാണ്, ആകാശ തത്വത്തിൽ മനുഷ്യാത്മാക്കൾ വസിക്കുന്നു. എല്ലാവരും ചിദാകാശായിലുള്ളവരാണ് അതിനാൽ ഒരുകൂട്ടരെ മാത്രം ചിദാകാശിമഠത്തിലുള്ളവരെന്ന് എങ്ങനെ പറയാൻ സാധിക്കും! ഇത് പരിധിയില്ലാത്ത ജ്ഞാനമാണ്. പരിധിയില്ലാത്ത അധികാരി സ്വയം പറഞ്ഞുതരികയാണ്. തന്റെ സ്വധർമ്മത്തെ മറന്ന് പരിധിയുള്ളതിൽ കുടുങ്ങിപ്പോകരുത്. ഇതിനെയാണ് പറയുന്നത് അതിധർമ്മഗ്ലാനി. കാരണം ഇതെല്ലാം പ്രകൃതിയുടെ ധർമ്മമാണ്. പക്ഷേ ആദ്യം വേണ്ടത് സ്വധർമ്മം. ഓരോരുത്തരുടേയും സ്വധർമ്മമാണ് ഞാൻ ആത്മാ ശാന്ത സ്വരൂപമാണ്. തന്റെ പ്രകൃതിയുടെ ധർമ്മമാണ് ദേവതാധർമ്മം, 33 കോടി ഭാരതവാസികൾ ദേവതകളാണ്. ഇപ്പോൾ പരമാത്മാവാണ് പറയുന്നത് അനേക ദേഹധർമ്മത്തിന്റെ ത്യാഗം ചെയ്യൂ, സർവ്വധർമ്മാനി പരിത്യജ.... ഈ പരിധിയുള്ള ധർമ്മത്തിനാണ് ഇത്രയും പ്രശ്നങ്ങൾ ഉണ്ടകുന്നത് ഇപ്പോൾ ഈ പരിധിയുള്ള ധർമ്മങ്ങളിൽ നിന്ന് വേറിട്ട് പരിധിയില്ലാത്തതിലേക്ക് പോകണം. പരിധിയില്ലാത്ത ബാബ സർവ്വശക്തിവാൻ പരമാത്മാവുമായി യോഗം വെക്കണം. സർവ്വശക്തിവാൻ പ്രകൃതിപതി പരമാത്മാവാണ്. ശ്രീകൃഷ്ണനല്ല. കഴിഞ്ഞകൽപ്പത്തെപ്പോലെ ഏത് ഭാഗത്താണോ സാക്ഷാൽ പ്രകൃതീപതി പരമാത്മാവുണ്ടായിരുന്നത് അവിടെ വിജയം പാടപ്പെടും. ശരി.